CALLING ATTENTION UNDER RULE 61:

The alleged mass Sathyagraha by certain families who were evicted from Ayyappancoil

Mr. Speaker : I have received a notice under Rule 49 from Shri M.M. Sundaram on a matter of urgent public importance. I have also rece ved a notice under Rule 61 on the same topic from Shri P. S. Srinivasan. I call upon Shri P. S. Srinivasau to make a statement.

9 A. M.]

ശ്രീ. പി. എസ്സ്. ശ്രീനിവാസൻ : സർ, വളരെ പ്രധാനപ്പെട്ടതും അടിയന്തിരമായി പരിഹാരം കാണേണ്ടതുമായ ഒരു പ്രശ്നം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടേയും മറ്റു് ബന്ധപ്പെട്ട മന്ത്രിമാരുടേയും ശ്രദ്ധയിൽപ്പെടുത്താനാണു ഞാൻ ഉദ്ദേശിക്കുന്നതു്. കോട്ടയം കളക്ടറേറ്റിന്റെ പടിക്കൽ പത്തഞ്ഞൂറിലധികം ആളുകളും, ഏതാണ്ടു് 150-ൽ പരം കുടുംബങ്ങളും ഇന്നലെ മുതൽ ഒരു കൂട്ടസത്യഗ്രഹം നടത്തിവരികയാണു്. ആ സത്യഗ്രഹത്തിനു് ആധാരമായിട്ടുള്ള വസ്തുത ബഹുമാനപ്പെട്ട മന്ത്രിമാർക്കു് അറിയാവുന്നതാണു്. രണ്ടരവർഷം മുമ്പു് പരിമിതമെങ്കിലും സുഖവും സംതൃപ്തിയും ഓളം വെട്ടിനിന്നിരുന്ന പത്തുരണ്ടായിരം കുടുംബങ്ങളെ ഉടുമ്പൻചോലയിൽനിന്നും ഗവണ്മെന്റു് പറിച്ചെറിഞ്ഞു് അമരാവതിയിലും, പീരുമേട്ടിലുള്ള വളഞ്ഞങ്ങാനം, തട്ടാത്തിക്കാനം എന്നീ സ്ഥലങ്ങളിലും മുണ്ടക്കയത്തുള്ള മാട്ടുവനം എന്ന സ്ഥലത്തും താമസിപ്പിക്കുകയുണ്ടായി. മാട്ടുവനം നല്ല സ്ഥലമാണു്. അമരാവതിയിലും ഒരുവിധത്തിൽ ജീവിക്കാൻകഴിയും. വളഞ്ഞങ്ങാനവും തട്ടാത്തിക്കാനവും തീരെ ജനവാസയോഗ്യമല്ലാത്ത സ്ഥലങ്ങളാണു്. വളരെ ശക്തിയായി നിരന്തരം അടിച്ചുകൊണ്ടിരിക്കുന്ന കാറ്റും എപ്പോഴും പെയ്തുകിടക്കുന്ന മൂടൽമഞ്ഞും മാറ്റ പ്രതികൂല പ്രകൃതി സാഹചര്യവും കൊണ്ടു് അവിടെ മനുഷ്യർക്കു് താമസിക്കുവാൻ ഒക്കുകയില്ല. ചുറ്റുപാടും വനമായതുകൊണ്ടു് എന്തെങ്കിലും കൃഷിചെയ്താൽ അതു നശിപ്പിക്കുന്നതിനു് കാട്ടുപന്നികളും വന്നെത്തും. ജനുവരി, ഫെബ്രുവരി, മാർച്ചിൽ അടിക്കുന്ന ശക്തിയായ കാറ്റിന്റെ ഉഗ്രതമൂലം വീടുകളും പറന്നുപോകും. ഇന്നവിടെ എതെങ്കിലും വീടുകൾ അവശേഷിക്കുന്നുണ്ടെങ്കിൽത്തന്നെ അവയ്ക്കു മേൽക്കൂര കാണുകയില്ല. അതിനു ചുറ്റുപാടുമുള്ള പ്രദേശത്തു് ജനവാസമില്ലാത്തതുകൊണ്ടു് എന്തെങ്കിലും തൊഴിൽചെയ്തു ജീവിക്കാനും നിവൃത്തിയില്ല. കൃഷിചെയ്താൽ വിളവുണ്ടാകുന്നതിനുമുമ്പു് അതു നശിച്ചുപോകും. അങ്ങനെ യാതൊരു തരത്തിലും ജീവിക്കാൻ നിവൃത്തിയില്ലാത്ത ചുറ്റുപാടുകളിൽ അവിടെയുണ്ടായിരുന്ന ചെറിയ തടികളും മറ്റും വെട്ടി വിറകാക്കിവിറ്റു് ഒരുവിധത്തിൽ കുറേകാലം അവർ കഷ്ടിച്ചു കഴിഞ്ഞുകൂടി. ഇന്നു് അതിനും നിവൃത്തിയില്ലാത്തവിധത്തിൽ വളരെയേറെ ദുരിതാവസ്ഥയാണുള്ളതു്. നമ്മുടെ ചില മന്ത്രിമാരും ഡിസ്ട്രിക്റ്റു് അധികാരികളും ആ സ്ഥലം സന്ദർശിച്ചിട്ടുണ്ടു്. അവർക്കൊക്കെ ഇതു് ബോദ്ധ്യപ്പെട്ടിട്ടുള്ളതാണു്. എന്നാൽ, യാതൊരു നടപടിയും ഇതുവരെ നടന്നിട്ടില്ല. ഇവർക്കു വേറെ സ്ഥലം നൽകാമെന്ന ഉറപ്പു നൽകിയിരുന്നു. യാതൊരു തരത്തിലും ജീവിക്കാൻ നിവൃത്തിയില്ലാതെ ഇനി എന്തായാലും അവിടെ താമസിക്കുക സാദ്ധ്യമല്ലെന്നുള്ള ബോദ്ധ്യത്തിൽ അവർ അവരുടെ വളർത്തുമൃഗങ്ങളും, വീട്ടിലുള്ള ചട്ടി, കലം മുതലായ ഉപകരണങ്ങളും എല്ലാമായി ആ പ്രദേശത്തോടു് അന്ത്യയാത്ര പറഞ്ഞു് ഇറങ്ങിത്തിരിച്ചിരിക്കുകയാണു്. അങ്ങനെ ആ കുടുംബങ്ങളും വളരെ ദിവസങ്ങളും നടന്നു് കോട്ടയം കളക്റ്ററേറ്റിന്റെ വാതുക്കൽ വന്നിരിക്കുകയാണു്. ഒന്നുകിൽ വേറെ സ്ഥലം കൊടുക്കണം, അല്ലെങ്കിൽ അവിടെ കിടന്നു മരിക്കുമെന്ന പ്രതിജ്ഞചെയ്തുകൊണ്ടു കിടക്കുകയാണു്. കരളലിയിക്കുന്ന കാഴ്ചയാണതു്. അവരിൽ കുറെയാളുകളും ആശുപത്രിയിലായിട്ടുണ്ടെന്നറിയുന്നു. അവർക്കു് സൗകര്യമായ സ്ഥലം കണ്ടുപിടിച്ചുകൊടുക്കാൻവേണ്ട അടിയന്തിര നടപടികളും സ്വീകരിക്കണമെന്നാണു് എനിക്കു് ഈ അവസരത്തിൽ അഭ്യർത്ഥിക്കുവാനുള്ളതു്. പണ്ടു് ഈജിപ്റ്റിൽ അടിമകളാക്കപ്പെട്ട ഇസ്രായേൽ മക്കളും അവിടെനിന്നു

LIBRARY ARCHIVES Kerala Legislative Assembly

രക്ഷപ്പെട്ട് നടത്തിയ ദീർഘയാത്രപോലെ ഇവരും ഒരു ദീർഘയാത്ര നടത്തി വന്നിരിക്കുകയാണു്. ഇസ്രായേൽ മക്കൾക്കു് മന്നാവൊഴിച്ചുകൊടുക്കാൻ യഹോവാ ഉണ്ടായിരുന്നു. ഇവർക്കു് ആരുമില്ല. അതുകൊണ്ടു് ബഹുമാനപ്പെട്ട മന്ത്രിയും മറ്റു ബന്ധപ്പെട്ട ആളുകളും അടിയന്തിരമായ നടപടികളും സ്വീകരിച്ചു് അവർക്കു് സ്ഥലം നൽകിമാററി താമസിപ്പിക്കണമെന്നാണു് ഞാൻ അഭ്യർത്ഥിക്കുന്നതു്. മുണ്ടക്കയത്തിനടുത്തായി ഇരുനൂററിയമ്പതു് ഏക്കർ സ്ഥലം സോഫ്റ്റ്വുഡ് പ്ലാന്റേഷനു് ഒരുക്കിയിട്ടിട്ടുണ്ടു്. ആ സ്ഥലം ഇവർക്കു കൊടുക്കാൻ കഴിയുമെന്നാണു് എന്റെ അഭിപ്രായം. അവർ അതു് ആവശ്യപ്പെടുന്നുമുണ്ടു്. ആ സ്ഥലം ഇവർക്കു് കൊടുത്തിട്ടു് ഇവർ താമസിച്ചിരുന്ന സ്ഥലം സോഫ്റ്റ്വുഡ് പ്ലാന്റേഷനു് ഉപയോഗപ്പെടുത്താൻ ബുദ്ധിമുട്ടു് ഉണ്ടാവുകയില്ല. ഈ 250 ഏക്കർ സ്ഥലത്തിനു ചുറ്റുപാടും ജനങ്ങൾ താമസിക്കുന്നുണ്ടു്. അവിടം പ്ലാന്റേഷനാക്കുന്നതു് അഭിലഷണീയമാണെന്നു് എനിക്കഭിപ്രായമില്ല. അവിടത്തെ പഞ്ചായത്തിന്റേയും നാട്ടുകാരുടേയും അഭിപ്രായം അതാണു്. മാത്രമല്ല ആ സ്ഥലത്തിന്റെ ഉള്ളിൽ ആറേക്കറോളം സ്ഥലം ''പശ്ചിമ'' എന്ന പൗരാണികമായ ഒരു ക്ഷേത്രത്തിനു പതിച്ചു കൊടുത്തിട്ടുണ്ടു്. അതുകൊണ്ടു് ആ സ്ഥലം സോഫ്റ്റ്വുഡ് പ്ലാന്റേഷനു ഉപയോഗിക്കാതെ ഇവർക്കു കൊടുത്തു് ഇവരെ ദുരിതത്തിൽനിന്നും രക്ഷിക്കണമെന്നും അങ്ങനെ ഈ പ്രശ്നത്തിനു് ശാശ്വതമായ പരിഹാരം ഉണ്ടാക്കണമെന്നും ഞാൻ അഭ്യർത്ഥിക്കുന്നു.

നിയമവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. ടി. എ. തൊമ്മൻ): വിവരങ്ങൾ ശേഖരിച്ചു കാര്യം മനസ്സിലാക്കി നാളെ മറുപടി പറയാം.

Difficulties experienced by Students of Alleppey Medical College-reply.

Mr. Speaker : A reply is due to Shri C. Achutha Menon on a Rule 61 notice. I call upon the Chief Minister to make the reply.

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) : ആലപ്പുഴയുള്ള തിരുമല ദേവസ്വം മെഡിക്കൽ കോളേജിലെ ചില വിദ്യാർത്ഥികൾക്കു് വന്നിരിക്കുന്ന ചില വൈഷമ്യങ്ങളെപ്പററിയാണു ശ്രീ. അച്യുതമേനോൻ ഇവിടെ പ്രസ്താവിച്ചതു്. അവിടെ സംഭവിച്ചതു് ഏതാണ്ടു് ഇങ്ങനെയാണു്. ആ കോളേജിലെ പ്രീമെഡിക്കൽ കോഴ്സിനു് 40 കുട്ടികളെ ചേർക്കുന്നതിനുള്ള അനുവാദം യൂണിവേഴ്സിറ്റി കൊടുത്തിരുന്നു. ആ അനുവാദത്തിന്റെ വ്യവസ്ഥകളിൽ ഒന്നു്, ഗവണ്മെന്റു് കുട്ടികളെ പ്രീമെഡിക്കൽ കോഴ്സിനു് ചേർക്കുന്നതിനു് അംഗീകരിക്കുന്ന തത്വങ്ങൾ അവരും കുട്ടികളെ ചേർക്കുമ്പോൾ സ്വീകരിക്കണമെന്നുള്ളതായിരുന്നു. ഇവിടത്തെ ഗവണ്മെന്റു് കോളേജുകൾക്കുള്ള സെലക്ഷനു് അടിസ്ഥാനമായി സ്വീകരിച്ചിട്ടുള്ളതു് ഫിസിക്സു്, കെമിസ്ട്രി, ബയോളജി എന്നീ മൂന്നു വിഷയങ്ങൾക്കും 50 ശതമാനംവീതം മാർക്കു വേണമെന്നുള്ളതാണു്. ഷെഡ്യൂൾ കാസ്റ്റിനു് അതിൽ 5 ശതമാനം മാർക്കിന്റെ കുറവുംഅനുവദിച്ചിരുന്നു. ഈ കോളേജിൽ 40-ന്റെ പകരം 46 പേരെ ചേർത്തായിട്ടാണു കാണുന്നതു്. യൂണിവേഴ്സിറ്റിയുടെ അനുവാദമില്ലാതെ 6 പേരെ കൂടി ചേർത്തു എന്നു കാണുന്നു. ഈ കുട്ടികളും പരീക്ഷയ്ക്കു ഇരിക്കേണ്ട കാലമായി. അപ്പോൾ ഇവർക്കു് ഓരോരുത്തർക്കും കിട്ടിയ മാർക്കുകളേപ്പററിയുള്ള വിവരംകൂടി യൂണിവേഴ്സിറ്റി അന്വേഷിക്കുകയുണ്ടായി. അങ്ങനെ അന്വേഷിച്ചപ്പോൾ നേരത്തെ നിശ്ചയിച്ചിരുന്നതുപോലെയുള്ള മാർക്കുകൾ എല്ലാവർക്കും ലഭിച്ചിരുന്നില്ലെന്നു കണ്ടു. ഇവരിൽ 5 പേർ ഇൻഡ്യാഗവണ്മെന്റു് അയച്ചിരുന്നവരാണു്. ഇൻഡ്യാ ഗവണ്മെന്റു് ഇതിലേക്കു് സ്വീകരിച്ചിരിക്കുന്ന മാനദണ്ഡം ഇംഗ്ലീഷ്, ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നീ നാലു വിഷയങ്ങൾക്കും 45 ശതമാനം വീതം മാർക്കു വേണമെന്നാണു്. ഷെഡ്യൂൾ കാസ്റ്റ്സിനും ട്രൈബ്സിനും 5 ശതമാനത്തിന്റെ റിലാക്സേഷൻ ഉണ്ടു്. ഇൻഡ്യാഗവണ്മെന്റു് നിശ്ചയിച്ച യോഗ്യതയുള്ളവരെയാണു് അവർ തെരഞ്ഞെടുത്തയച്ചതെന്നു കാണുന്നു. അവരെല്ലാം

LIBRARY ARCHIVES Kerala Legislative Assembly